**ഭരണഭാഷ-മാതൃഭാഷ**


**കൂടരഞ്ഞി ഗ്രാമ പഞ്ചായത്ത്**
**പിൻ കോഡ്- 673604 ഫോൺ നമ്പർ : 0495-2252027**
**ഇമെയിൽ : koodaranhigp@gmail.com**


**നമ്പർ: 3546007-2025** **തീയതി : 04-08-2025**

പ്രേഷകൻ

സെക്രട്ടറി
കൂടരഞ്ഞി ഗ്രാമ പഞ്ചായത്ത്

സ്വീകർത്താവ്

ബഹുമാനപ്പെട്ട ഇൻറേണൽ വിജിലൻസ് ഓഫീസർ & കൺവീനർ
ഉപജില്ലാ സ്ഥിരം അദാലത്ത് സമിതി

സർ,

വിഷയം: കൂടരഞ്ഞി ഗ്രാമപഞ്ചായത്ത്- ഉപജില്ല സ്ഥിരം അദാലത്ത് - അങ്ങയുടെ 17. 05.2025 തീയതിയിലെ IV01/07/2025 കത്ത് പ്രകാരമുള്ള റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്

സൂചന: 1. അങ്ങയുടെ 17. 05.2025 തീയതിയിലെ IV01/07/2025 കത്ത്

കൂടരഞ്ഞിയും ഗ്രാമപഞ്ചായത്തിലെ കെ.പി.ശ്രീകുമാർ , ശ്രീമതി.സുധ , കടമ്പാടത്ത് എന്നവരുടെ ഉടമസ്ഥതയിലുള്ള 1/389 നമ്പർ കെട്ടിടത്തിന് ഒന്നാം നില നിർമിച്ച് സമർപ്പിച്ച അപേക്ഷയിൽ ആധാരത്തിൽ നഞ്ച എന്ന് ഭൂമിയുടെ തരം രേഖപ്പെടുത്തിയതിനാൽ തുടർനടപടി സ്വീകരിക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നതാണ് പരാതിക്ക് അടിസ്ഥാനം. ഫയലിലെ നാൾവഴികൾ ചുവടെ ചേർക്കുന്നു.

കൂടരഞ്ഞി ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി നിർണയ രജിസ്റ്റർ പ്രകാരം 1/389 നമ്പർ കെട്ടിടം കെ.പി.ശ്രീകുമാർ , ശ്രീമതി.സുധ , കടമ്പാടത്ത് എന്നിവരുടെ ഉടമസ്ഥതയിൽ ആകുന്നു. കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം 97 ച.മീ എന്നാകുന്നു. പ്രസ്തുത കെട്ടിടത്തിന്റെ ഒന്നാമത്തെ നിലയിൽ 78.16 ച. മീ നിർമ്മാണം നടത്തുന്നതിന് ഈ ഓഫീസിൽ നിന്നും BL 75/2015-16 അപ്രകാരം പെർമിറ്റ് അനുവദിച്ചിരുന്നു. എന്നാൽ പെർമിറ്റ് അനുവദിച്ചതിനേക്കാളും കൂടുതൽ നിർമാണം പൂർത്തീകരിച്ചതിനാൽ കെട്ടിട നിർമ്മാണം റെഗുലറൈസ് ചെയ്യുന്നതിന് 2019 വർഷത്തിൽ ഫയൽ നമ്പർ 4409/2019 പ്രകാരം അപേക്ഷ സമർപ്പിച്ചു. അപേക്ഷ സമർപ്പിച്ചതിൽ സ്ഥലപരിശോധന നടത്തിയ അന്വേഷണം ഉദ്യോഗസ്ഥൻ വിവിധ അപാകതകൾ രേഖപ്പെടുത്തിയതിൽ പരിഹരിച്ചു നൽകുന്നതിന് അപേക്ഷ മടക്കി നൽകുകയും അപേക്ഷ പുനസ്സമർപ്പിക്കുകയും ചെയ്തിരുന്നു. ഫയൽ പരിശോധിച്ചതിൽ അപാകത മുഴുവൻ പരിഹരിക്കാതെ ഫയൽ പുനഃ സമർപ്പിച്ചതിൽ നാലുതവണ ഫയൽ മടക്കി അയക്കേണ്ട സാഹചര്യം ഉണ്ടായി എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.എന്നാൽ 06-03-2021 തീയതിയിൽ പുനസമർപ്പിച്ച അപേക്ഷയിൽ പൊസഷൻ സർട്ടിഫിക്കറ്റിൽ അൺ സർവ്വേ എന്നും ആധാരത്തിൽ നഞ്ച എന്നും രേഖപ്പെടുത്തിയതായി ഓവർസിയർ റിപ്പോർട്ട് ചെയ്തതിനാൽ 120 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണ്ണം ഉള്ളതിനാൽ കെട്ടിട നമ്പർ അനുവദിക്കാൻ നിർവാഹമില്ല എന്ന വിവരം കത്ത് മുഖേന അപേക്ഷകനെ അറിയിച്ചതും ആകുന്നു.

തുടർന്ന് 2021 വർഷം തന്നെ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് അപേക്ഷകൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഹുമാനപ്പെട്ട ഓംബ്ഡ്സ്മാൻ മുമ്പാകെ 349/2021 പ്രകാരം പരാതി സമർപ്പിക്കുകയും ചെയ്തിരുന്നു. അനുമതി നൽകിയിരുന്നതിനെക്കാൾ കൂടുതൽ വിസ്തൃതിയിൽ നിർമ്മാണം ഉണ്ടെന്നും 120 ചതുരശ്ര മീറ്റർ വരെ മാത്രമേ നഞ്ച ഭൂമിയിൽ അനുവാദം നൽകാൻ സാധിക്കുകയുള്ളൂ എന്നും ഭൂമിയുടെ തരം മാറ്റി വില്ലേജ് ഓഫീസിൽ നിന്ന് റിപ്പോർട്ട് ചെയ്യുന്ന പക്ഷം നമ്പർ ഇട്ടു കൊടുക്കാം എന്നും എതിർകക്ഷിയായ സെക്രട്ടറി ഓംബ്ഡസുമാൻ മുമ്പാകെ ബോധിപ്പിച്ചു. ഭൂമിയുടെ തരം മാറ്റുന്നതിന് വില്ലേജ് ഓഫീസിൽ അപേക്ഷ കൊടുക്കാം എന്ന് പരാതിക്കാർ സമ്മതിച്ചതിന്റെ അടിസ്ഥാനത്തിൽ തരം മാറ്റി കൊടുക്കുന്ന മുറക്ക് കെട്ടിട നമ്പർ അനുവദിച്ചു നൽകുന്നതിന് സെക്രട്ടറിക്ക് നിർദ്ദേശം നൽകി 29-01-2022 തീയതിയിലെ ഉത്തരവിലൂടെ ബഹുമാനപ്പെട്ട ഓംബഡ്സ്മാൻ ഫയൽ നടപടി അവസാനിപ്പിച്ചതും ആകുന്നു

.

കൂടരഞ്ഞി വില്ലേജ് മുഴുവനും അൺസർവേഡ് ലാൻഡിൽ ആണ് ഉൾപ്പെടുന്നത്. ഭൂമിയുടെ തരം മാറ്റുന്നതിനായി അക്ഷയ മുഖാന്തരം ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്ന അവസരത്തിൽ ഭൂമി അൺസർവേർഡ് ലാൻഡിൽ ഉൾപ്പെടുന്നതിനാൽ സോഫ്റ്റ്‌വെയർ വഴി അപേക്ഷ സമർപ്പിക്കുന്നതിന് അപേക്ഷകർക്ക് കഴിയുന്നില്ല എന്ന് അപേക്ഷകൻ അങ്ങേയ്ക്ക് സമർപ്പിച്ച കത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സോഫ്റ്റ്‌വെയറിൽ ഓപ്ഷൻ ഇല്ലാത്തത് കാരണമാണ് തരം മാറ്റിൽ അപേക്ഷ പ്രോസസ് ചെയ്യാൻ അപേക്ഷകന് സാധിക്കാത്തത് എന്ന വിവരം അദ്ദേഹം അപേക്ഷയിൽ രേഖപ്പെടുത്തിയത് പ്രകാരം ബോധ്യപ്പെടുന്നുണ്ട്. പ്രസ്തുത ഇഷ്യൂ കാരണം അപേക്ഷകനും ഭൂമി തരം മാറ്റൽ നടപടി ലഭ്യമാകാത്തത് കാരണമാണ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കെട്ടിടം നമ്പർ അനുവദിച്ചു കൊടുക്കുന്ന നടപടികൾ സ്വീകരിക്കാൻ കഴിയാത്ത അവസ്ഥയുള്ളത് എന്ന വിവരം അങ്ങയുടെ അറിവിലേക്കായി സമർപ്പിക്കുന്നു.

Signature Not Verified
Digitally signed by KIZHAKKAYIL SURESH KUMAR
Date: 2025.08.04 23:28:48 IST
Reason: KSMART

വിശ്വസ്തതയോടെ

സെക്രട്ടറി